പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 44 | 29/05/2019 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി

ശ്രീ. ബി.സത്യൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.പി. ഉണ്ണി

മറുപടി

കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം വരുമാനം സർക്കാർ എടുക്കുന്നുവെന്ന സങ്കുചിത വർഗ്ഗീയവാദികളുടെ പ്രചരണം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്റെ നിജസ്ഥിതി അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം പൂർണ്ണമായും ദേവസ്വം ബോർഡുകൾക്കാണ് ലഭിക്കുന്നത്. |
| (ബി) | സ്ത്രീ പ്രവേശന വിഷയം വിഭാഗീയ രാഷ്ട്രീയ താല്പര്യത്തിന് പ്രോത്സാഹജനകമായിക്കണ്ട് ശബരിമലയെ തകർക്കാൻ യത്നിച്ചവരുടെ പ്രവർത്തനത്തെ തുടർന്ന് വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കാനായി സർക്കാർ എത്ര തുക ദേവസ്വം ബോർഡിന് നൽകിയെന്ന് അറിയിക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്, 2019-20 ലെ ബഡ്ജറ്റിൽ സർക്കാർ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ശബരിമല തീർത്ഥാടകർക്ക് അമ്പതു കിലോമീറ്റർ ഇടവിട്ട് ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനായി ദേവസ്വം ബോർഡും സർക്കാരും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ദേവസ്വം ബോർഡും സർക്കാരും ഒരുക്കിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പമ്പാനദി ദിശമാറി ഒഴുകി ആ പ്രദേശം മുഴുവൻ വലിയതോതിൽ മണൽ നിറഞ്ഞു. പമ്പയിൽ നിലവിലുണ്ടായിരുന്ന |

| | | | |
|---|---|---|---|
| | | | രാമമൂർത്തി മണ്ഡപം, ടോയ് ലെറ്റ് കോംപ്ലക്സ്, നടപ്പന്തൽ,മീഡിയ കിയോസ്കുകൾ, മണപ്പുറത്ത് വിരിച്ചിരുന്ന ടൈലുകൾ,മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്കുള്ള പൈപ്പ് ലൈനുകൾ കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുതി വിതരണ സംവിധാനം എന്നിവ പൂർണ്ണമായും നശിച്ചു. മറ്റ് കെട്ടിടങ്ങൾക്കും ഇൻസിനറേറ്ററിനും സാരമായ കേടുപാടുകൾ സംഭവിച്ചു. പ്രളയത്തിനു ശേഷം സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിലെ അന്നദാന മണ്ഡപവും ഹോട്ടൽ കോംപ്ലക്സും അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുകയുണ്ടായി പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് പമ്പാനദിയെ സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇടിഞ്ഞു പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ സ്ത്രീകൾക്ക് മാത്രമായി 10 കുളിമുറികളും വസ്ത്രം മാറുന്നതിനുള്ള 10 മുറികളും സ്ഥാപിച്ചു. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള നടപ്പന്തലുകൾ, 20,000 വാഹന ങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് |

| | | | |
|---|---|---|---|
| | | | സൗകര്യം 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. തീർത്ഥാടന പാതയിൽ കുടിവെള്ളത്തിനായി ചൂടുവെള്ളവും തണുത്തവെള്ളവും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു പ്രാഥമികാവശ്യങ്ങൾക്കുള്ള ബയോ ടോയ് ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, അന്നദാനത്തിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ബാരിക്കേഡുകൾ നിർമ്മിച്ച് സുരക്ഷാ നടപടികൾ ശക്തമാക്കിയിട്ടുണ്ട്. ദർശനത്തിനായി വടക്കേ നടപ്പന്തലിന്റെ ഒന്നാം നിലയിൽ ക്യൂ സംവിധാനം ഏർപ്പെടുത്തി. പാണ്ടിത്താവളത്തും അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിലും ശബരിമല വലിയ നടപ്പന്തലിന്റെ കിഴക്കുഭാഗത്തുള്ള കെട്ടിടത്തിന്റെ മുകളിലും ഭക്തർക്ക് വിരിസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണ തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.<br>തീർത്ഥാടകർക്കാവശ്യമായ അപ്പവും അരവണയും ലഭ്യമാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശബരി മലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളും ശബരിമല ഇടത്താവളം പദ്ധതികളും നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഗവേണിംഗ് ബോഡിയും ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശുപാർശ പ്രകാരം കിറ്റ്കോ ലിമിറ്റഡ് എന്ന കമ്പനിയെ ഇതുവരെ ടെന്റർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള കൺസൽട്ടൻസിയാക്കി ചുമതല പ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ